**A** **9001**

# സമഗ്ര ശിക്ഷാ കേരളം

# വാർഷിക മൂല്യനിർണ്ണയം 2023–24

## ആരോഗ്യ-കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ്സ് : 9

സമയം : 2 മണിക്കൂർ
സ്കോർ : 45

**നിർദ്ദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങൾ മൂന്ന് ഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. എല്ലാ ഉത്തരക്കടലാസിലും പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നിവ രേഖപ്പെടുത്തണം.

## ആരോഗ്യ-കായിക-വിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(4x1=4)**

1. ദേശീയ ഗെയിംസ് തുടങ്ങിയത് ഏത് സംഘടനയാണ്?
   a. SAI b. IOA c. SGFI d. IFA
2. ഇപ്പോഴത്തെ ഏത് കായിക ഇനമാണ് പ്രാചീനകാലത്ത് മല്ലയുദ്ധം എന്നറിയപ്പെട്ടിരുന്നത് ?
   a. ജൂഡോ b. കരാട്ടെ c. ഗുസ്തി d. ബോക്സിംഗ്
3. ഒളിമ്പിക്സ് ഗുസ്തിയിൽ ഇന്ത്യയ്ക്കുവേണ്ടി ആദ്യമായി വ്യക്തിഗത മെഡൽ നേടിയത് ആര്?
   a. കെ.ഡി. യാദവ് b. സുശീൽകുമാർ
   c. യോഗേശ്വർ ദത്ത് d. ദീപക് പുനിയ
4. ഫ്രഞ്ച് ഓപ്പൺ, യു.എസ്. ഓപ്പൺ എന്നീ പേരുകൾ ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   a. സ്മാഷ് b. ബാഡ്മിന്റൺ c. ബേസ്ബോൾ d. ടെന്നീസ്
5. ഹൃദയശ്വസനക്ഷമത മെച്ചപ്പെടുത്താൻ സഹായിക്കുന്ന വ്യായാമം ഏത്?
   a. പുഷ് അപ്പ് b. നീന്തൽ c. പുൾ അപ്പ് d. സിറ്റ് ആൻഡ് റീച്ച്
6. "നാമെല്ലാം ഒരു ടീമിന്റെ ഭാഗമാണ്. ആത്മസമർപ്പണത്തോടെയും ഒത്തൊരുമയോടെയും കഠിനമായി അദ്ധ്വാനിച്ചാൽ മാത്രമേ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ." ഇത് ആരുടെ വാക്കുകളാണ്?
   a. റൊണാൾഡോ b. എംബാപ്പേ c. മെസ്സി d. നെയ്മർ

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(4x2=8)**

7. അണ്ടർവാട്ടർ വെയിംഗ് എന്നാൽ എന്ത്?
8. പൊണ്ണത്തടി നിയന്ത്രിക്കാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ ഏതെല്ലാം?
9. വെയിറ്റ് ട്രെയിനിംഗ് ചെയ്യുന്നതിലൂടെ ശരീരത്തിൽ ഉണ്ടാകുന്ന ഗുണപരമായ രണ്ടു മാറ്റങ്ങൾ എഴുതുക.

10. ജങ്ക്ഫുഡ് ദിവസേന കഴിക്കുന്നത് ആരോഗ്യത്തെ ഏതെല്ലാം രീതിയിൽ ദോഷകരമായി ബാധിക്കുന്നു?

11. പവനമുക്താസനത്തിന്റെ ഏതെങ്കിലും രണ്ട് ഗുണങ്ങൾ എഴുതുക.

**12, 13 ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരം എഴുതുക. 3 സ്കോർ. (1x3=3)**

12. ദൈനംദിന വ്യായാമങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

13. സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങളെപ്പറ്റി വിവരിക്കുക.

## കലാവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം. (4x1=4)**

1. താഴെ പറയുന്നവരിൽ ശില്പകലാരംഗത്ത് പ്രാവീണ്യം തെളിയിച്ച വ്യക്തി ആര്?
   a. എം.എഫ്. ഹുസൈൻ  b. രാജാരവിവർമ്മ
   c. മൃണാളിനി മുഖർജി  d. കെ.സി.എസ്. പണിക്കർ

2. നൃത്തത്തിന് കൂടുതലായി ഉപയോഗിക്കുന്ന നായക-നായിക ഭാവപ്രാധാന്യമുള്ള സംഗീത രചന?
   a. ഗസൽ  b. ജതിസ്വരം
   c. പദം  d. സോപാനസംഗീതം

3. പാട്ടിന്റെ ഈണം പിൻതുടരുവാൻ സാധിക്കുന്ന സംഗീത ഉപകരണം ഏത്?
   a. തംബുരു  b. തബല  c. ഓടക്കുഴൽ  d. ഇടയ്ക്ക

4. ഹാസ്യത്തിനുവേണ്ടി വ്യക്തികളുടെ പ്രത്യേകതകളെ അതിശയോക്തി കലർത്തി വരയ്ക്കുന്ന ചിത്രരചനാരീതി?
   a. കൊളാഷ്  b. പോർട്രൈറ്റ്  c. കാരിക്കേച്ചർ  d. ഇലസ്ട്രേഷൻ

5. പ്രശസ്ത സിനിമാ സംവിധായകനായ അരവിന്ദൻ സംവിധാനം ചെയ്തതും കുട്ടികളുടെ മികച്ച ചിത്രത്തിനുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് ലഭിച്ചതുമായ ചിത്രം ഏത്?
   a. കളിയൊരുക്കം  b. കുമ്മാട്ടി
   c. മൈ ഡിയർ കുട്ടിച്ചാത്തൻ  d. ടി.ഡി. ദാസൻ Std VI B

6. ആരുടെ സ്മരണയ്ക്കായാണ് ചെമ്പൈ സംഗീതോത്സവം നടത്തുന്നത്?
   a. മുത്തുസ്വാമി ദീക്ഷിതർ  b. ശ്യാമ ശാസ്ത്രികൾ
   c. ത്യാഗരാജ സ്വാമി  d. ചെമ്പൈ വൈദ്യനാഥ ഭാഗവതർ


**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം. (3x2=6)**

7. കരോക്കെയോടൊപ്പം പാടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

8. സ്കൂൾ പ്രവേശനോത്സവത്തിന് ആലപിക്കാനുള്ള ഒരു ഗാനത്തിന്റെ നാലുവരികൾ ചിട്ടപ്പെടുത്തി എഴുതുക.

9. കാർട്ടൂണും കാരിക്കേച്ചറും തമ്മിലുള്ള വ്യത്യാസം എഴുതുക.

10. പദസൂര്യൻ പൂർത്തീകരിക്കുക.




11. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| a. ഭരതമുനി | അഭിനേത്രി |
| b. കലാമണ്ഡലം ഹൈമവതി | നാട്യശാസ്ത്രം |
| c. ആശാ ശരത് | കഥകളി |
| d. കലാമണ്ഡലം ഗോപി | മോഹിനിയാട്ടം |

**12, 13 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ (1x5=5)**

12. സൂചനകൾക്കനുസരിച്ച് ചിത്രം വരയ്ക്കുക.

- ഗ്രാമത്തിലൂടെ ഒഴുകുന്ന പുഴ
- പുഴയിലൂടെ പോകുന്ന തോണി
- തോണി നിറയെ പച്ചക്കറികൾ

13. ചലച്ചിത്രമേള സംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു ബ്രോഷർ നിർമ്മിക്കുക.
സൂചന : സിനിമയുടെ വിശദാംശങ്ങൾ
സംഘടിപ്പിക്കുന്ന സ്ഥലം, സമയം

## പ്രവൃത്തിപഠനം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (3×1=3)**

1. സോപ്പ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന കാസ്റ്റിക് സോഡയുടെ രാസനാമം :
a. സോഡിയം കാർബണേറ്റ്　　b. സോഡിയം ഹൈഡ്രോക്സൈഡ്
c. സോഡിയം സൾഫേറ്റ്　　d. സോഡിയം നൈട്രേറ്റ്

2. DPDT (മെയിൻ സ്വിച്ച്)യുടെ ഉപയോഗം എന്ത്?
a. രണ്ട് ലൈനിലും ഉള്ള വൈദ്യുതി വിച്ഛേദിക്കുന്നതിന്
b. ഒരു ലൈനിലുള്ള വൈദ്യുതി വിച്ഛേദിക്കുന്നതിന്
c. വൈദ്യുതി വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിന്
d. വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിന്

3. സ്ക്വാഷ് തയ്യാറാക്കുമ്പോൾ നാച്വറൽ പ്രിസർവേറ്റീവ് ആയി നാരങ്ങാനീര് ഉപയോഗിക്കുന്നതിന്റെ കാരണം എന്ത്?

a. രുചിക്കുവേണ്ടി
b. കൊഴുപ്പ് കൂട്ടുന്നതിനുവേണ്ടി
c. മധുരം സന്തുലിതമാക്കുന്നതിന്
d. ബാക്ടീരിയ, ഫംഗസ് എന്നിവയുടെ വളർച്ചയെ തടയുന്നതിന്

4. തറ വൃത്തിയാക്കുന്നതിനുള്ള ലായനി നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന ഔഷധസസ്യം ഏത്?

a. തെരുവപ്പുല്ല് (ഇഞ്ചിപുല്ല്)
b. പോതപ്പുല്ല്
c. കറുകപ്പുല്ല്
d. ഇല്ലി

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. (2 സ്കോർ വീതം)** **(4×2=8)**

5. താഴെ തന്നിരിക്കുന്നവയുടെ പൂർണ്ണരൂപം എഴുതുക.

1. SWG
2. PVC


6. മുളയുടെ ഏതെല്ലാം ഭാഗങ്ങൾ ഭക്ഷണത്തിനായി ഉപയോഗിക്കാം?
ഇവ ഉപയോഗിച്ച് തയ്യാറാക്കാവുന്ന ഏതെങ്കിലും രണ്ട് ഭക്ഷ്യവസ്തുക്കളുടെ പേരെഴുതുക.

7. മൃഗങ്ങളുടെ തുകൽ (സ്കിൻ) ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഏതെങ്കിലും നാല് ഉല്പന്നങ്ങളുടെ പേര് എഴുതുക.

8. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| a. വെജിറ്റബിൾ പ്രിന്റിംഗ് | മഞ്ഞ കാർബൺ പേപ്പർ |
| b. ലിനൻ തുണി | സ്റ്റെൻസിൽ |
| c. ചിത്രം പകർത്തൽ | സാരി |
| d. OHP ഷീറ്റ് | ഫ്ളാക്സ് ചെടി |

9. ചിത്രത്തിൽ കാണുന്നവ എന്തിൽ നിന്നാണ് നിർമ്മിക്കുന്നത്?



a b c. d

**10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. (4 സ്കോർ)** **(1×4=4)**

10. ധാരാളം പഴങ്ങൾ ലഭ്യമാകുന്ന സമയത്ത് വീടുകളിൽ അവ സംസ്ക്കരിച്ച് സൂക്ഷിച്ച് പിന്നീട് ഉപയോഗിക്കാറുണ്ട്.

a. ഭക്ഷ്യസംസ്ക്കരണ വ്യവസായത്തിൽ, പായ്ക്ക് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

b. ഏതെങ്കിലും ഒരു സ്ക്വാഷ് നിർമ്മാണരീതി വിവരിക്കുക

11 കാർഷിക മേഖലയിൽ നാം നിരവധി പ്രതിസന്ധികൾ നേരിടുന്നുണ്ട്. അതിൽ പ്രധാനമാണ് കാലാവസ്ഥ മാറ്റവും, പരിസ്ഥിതി നാശവും, ആരോഗ്യപ്രശ്നങ്ങളും. ഇതിനെ മറികടക്കാൻ നാം സ്വീകരിക്കുന്ന നൂതന മാർഗ്ഗങ്ങൾ എന്തെല്ലാം?